**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4151** **09-08-2021 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഡാം ഗാർഡൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാമിനോട് ചേർന്ന് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്ത്, നിലവിലുള്ള ഗാർഡൻ മനോഹരമാക്കുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ അടിസ്ഥാനസൗകര്യ വികസനങ്ങൾ ഒരുക്കുന്നതിനും ടൂറിസം വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ; | (എ) | ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യവികസന സാധ്യത പരിശോധിക്കാവുന്നതാണ്. |
| (ബി) | ഇതിന്റെ ഭാഗമായി വനം, ജലവിഭവം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദ ടൂറിസം പദ്ധതിയ്ക്ക് നടപടി സ്വീകരിക്കുമോ; | (ബി) | ഈ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് നടപടി സ്വികരിക്കാവുന്നതാണ്. |
| (സി) | ചിമ്മിനി ഡാം ഗാർഡൻ, മുനിയാട്ട് കുന്ന്, കോഴിമുട്ടപ്പാറ, പുലിക്കണ്ണി മുളങ്കാട്, കുണ്ടായി ഗുഹ തുടങ്ങിയ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ